പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 886

08.01.2014 ൽ മറുപടിക്ക്

പുഴകളും തോടുകളും മാലിന്യമുക്തമാക്കുന്നതിന് നടപടി

	ചോദ്യം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി		മറുപടി ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)
(എ)	കേരള ത്തിലെ പുഴകളും തോടുകളും മാലിന്യ മുക്തമാക്കുന്നതിന് സ്വീകരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;	(എ)	കേരളത്തിലെ പുഴകളും തോടുകളും മാലിന്യമുക്തമാക്കുന്നതിന് സാമ്പത്തിക ലഭ്യതയനുസരിച്ചുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നദീതീരത്തും, തോടുകളുടെ സമീപത്തും താമസിക്കുന്നവർ നിക്ഷേപിക്കുന്ന മാലിന്യങ്ങൾക്കു പുറമേ, വ്യാവസായിക സ്ഥാപനങ്ങൾ മുഖേനയുള്ള മാലിന്യവും പ്രധാന ജലസ്രോതസ്സുകളിൽ, പ്രത്യേകിച്ച് നദികളിൽ എത്തിച്ചേരുന്നു. നഗരപ്രദേശങ്ങളിൽ ഫെൻസിംഗ് നടത്തുക, ഒഴുക്ക് സുഗമമാക്കി മാലിന്യം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക, നീരൊഴുക്ക് വർദ്ധിപ്പിച്ച് മാലിന്യ ലഘൂകരണം നടത്തുക, ത്രിതല പഞ്ചായത്തുകളുമായും നഗരസഭകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവ നടപ്പിലാക്കി വരുന്നു. നദികളിലേയ്ക്ക് ഓരു വെള്ളം കയറി നദികൾ മലിനപ്പെടാതിരിക്കാൻ റെഗുലേറ്ററുകളും തടയണകളും ഓരുമുട്ടുകളും നിർമ്മിക്കാറുണ്ട്. കരമനയാർ, കിള്ളിയാർ എന്നീ നദികളുടെ മാലിന്യ ലഘൂകരണവും സംരക്ഷണവും ലക്ഷ്യമാക്കി RITES (Rail India Technical and Economic Services) എന്ന സ്ഥാപനത്തെ നദികളുടെ പഠനം ഏൽപ്പിച്ചിട്ടുണ്ട്.
(ബി) (സി)	ഈ പദ്ധതികൾ പ്രകാരം പുഴകളിലും തോടുകളിലും നടപ്പിലാക്കിയ മുൻകരുതൽ പരിപാടികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ പ്രവർത്തനങ്ങൾ മൂലം, മുൻ കാലങ്ങളെ അപേക്ഷിച്ച് നദികളിലും തോടുകളിലും മാലിന്യ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?	(ബി) & (സി)	മേൽസൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്കു പുറമേ തോടുകളും മറ്റ് ജല സ്രോതസ്സുകളും വൃത്തിയാക്കി മാലിന്യമുക്തമാക്കുന്ന പ്രവൃത്തി മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി പ്രകാരം പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ സഹായത്താലും നിർവഹിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ വഴിയാണ് ഈ സംയോജനം സാദ്ധ്യമാകുന്നത്. പുഴകളുടെ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് പഠനം നടത്തുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്. ബോർഡ് പുറത്തിറക്കുന്ന കണക്കുകൾ പ്രകാരം മാലിന്യത്തിന്റെ അളവിൽ കുറവ് വന്നിട്ടില്ല എന്നാണ് കാണുന്നത്. ഇതു കൂടാതെ കേരള സ്റ്റേറ്റ് സയൻസ് & ടെക്നോളജി കൗൺസിലിന്റെ നേതൃത്വത്തിൽ CWRDM - കോഴിക്കോട്, പുഴ മലിനീകരണം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ